"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

150 YEARS OF CELEBRATING THE MAHATMA

**സംഗ്രഹം**

വ്യവസായ വകുപ്പ് - ശ്രീ.സുനിൽ ചന്ദ്രനും മറ്റ് മൂന്ന് പേരും ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു (പി.സി) നം.21285/2022 -ൻറെ 19.12.2022 തീയതിയിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.297/2023/ID തീയതി,തിരുവനന്തപുരം, 13-04-2023

---

പരാമർശം:-

1. ശ്രീ. സുനിൽ ചന്ദ്രൻ മുതൽ പേർ ഫയൽ ചെയ്ത ഡബ്ല്യു(പി.സി) 21285/2022 കേസിൻമേലുള്ള ബഹു.കോടതിയുടെ 19.12.2022 തീയതിയിലെ വിധിന്യായം.
2. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറിയുടെ 09.10.2017 -ലെ കെ.ബി.4919/14/ഇ1(എ) നം.കത്ത്.
3. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറിയ്ക്ക് നൽകിയ 16.09.2019 -ലെ കെ1/399/2017-വ്യവ നമ്പർ സർക്കാർ കത്ത്.
4. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറിയ്ക്ക് നൽകിയ 5.08.2021, 10.11.2021, 08.03.2022, 15.06.2022 തീയതികളിലെ K1/33/2021/ID നമ്പർ സർക്കാർ കത്തുകൾ.

**ഉത്തരവ്**

സെലക്ഷൻ ഗ്രേഡ് ഡ്രൈവർമാരായ ഗോഡ്വിൻ, സുരേഷ് എന്നിവരുടെ വിരമിക്കൽ ഒഴിവിൽ 1 ഉം 2 ഉം പരാതിക്കാർക്ക് യഥാക്രമം 01.05.2018, 01.06.2019 തീയതികളിൽ സീനിയർ ഗ്രേഡ് ഡ്രൈവർ പദവിയും തുടർന്നുള്ള ആനുകൂല്യങ്ങളും അനുവദിക്കുക,കഴിഞ്ഞ കുറേ വർഷങ്ങളായി ഡ്രൈവർ ഗ്രേഡ് I ന്റെ 4 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ 3 ഉം 4 ഉം പരാതിക്കാർക്ക് 2017 മുതൽ ഡ്രൈവർ ഗ്രേഡ് I ഗ്രേഡ് പുനഃസ്ഥാപിച്ച് തുടർന്നുള്ള ആനുകൂല്യങ്ങളും അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ.സുനിൽ ചന്ദ്രനും മറ്റ് മൂന്ന് പേരും ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WPC നം.21285/2022 എന്ന കേസിലെ 19-12-2022 തീയതിയിലെ വിധിന്യായപ്രകാരം പത്താം ശമ്പള പരിഷ്കരണ ഉത്തരവ് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഖാദി ബോർഡ് സെക്രട്ടറി ശുപാർശ ചെയ്ത് സർക്കാരിലേക്ക് അയച്ചിരുന്ന പരാമർശം (2) അപേക്ഷയിൽ ['Ex R1(C)'] അനുയോജ്യമായ തീരുമാനം കൈക്കൊള്ളണമെന്നും വിധിന്യായത്തിന്റെ പകർപ്പുകിട്ടി രണ്ടുമാസത്തിനുള്ളിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നും ബഹു.ഹൈക്കോടതി നിർദ്ദേശം നല്കി.

2. പരാമർശം (2) പ്രകാരം ഖാദി ബോർഡ് സെക്രട്ടറി ശുപാർശ ചെയ്ത് സർക്കാരിലേക്ക് അയച്ചിരുന്ന 'Ex R1(C)' അപേക്ഷ, ശുപാർശ ലഭ്യമായപ്പോൾ തന്നെ സർക്കാർ വിശദമായി പരിശോധിട്ടുള്ളതും പരാമർശം (3) കത്ത് പ്രകാരം 10-ാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള റേഷ്യോ പ്രമോഷൻ അനുവദിക്കുകയാണെങ്കിൽ തത്ഫലമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത വഹിക്കുവാൻ ശേഷിയുള്ള സ്ഥാപനമല്ലാത്തതിനാൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് കോടതിയിൽ ഹാജരാക്കിയിട്ടുള്ള Ex R1(C) സർക്കാർ നിരാകരിച്ച് തീർപ്പാക്കിയിട്ടുള്ളതുമാണ്.

2. WPC നം.21285/2022 കേസിലെ 19-12-2022 തീയതിയിലെ ബഹു.ഹൈക്കോടതിയുടെ വിധിന്യായപ്രകാരം ടി വിഷയം സർക്കാർ വീണ്ടും വിശദമായി പരിശോധിച്ചു. 25.11.1998-ലെ സ.ഉ(അച്ചടി) നം.3000/98/ധന പ്രകാരമുള്ള ശമ്പളപരിഷ്കരണം ഖാദിബോർഡിൽ നടപ്പിലാക്കിക്കൊണ്ടുള്ള 07/01/1999 ലെ KB.9819/98/E2 ബോർഡിന്റെ ഉത്തരവിൽ ഡ്രൈവർ തസ്തികയ്ക്ക് സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ബോർഡ് റേഷ്യോ പ്രൊമോഷൻ അനുവദിച്ചു നല്കിയതായി കാണുന്നതിനാലും ഖാദി ബോർഡ് സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം ടി ഉത്തരവിന് സർക്കാർ നാളിതുവരെ സാധൂകരണം നൽകിയിട്ടില്ലാത്തതിനാലും ഖാദി ബോർഡിലെ ഡ്രൈവർമാർക്ക് നാളിതുവരെ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രമോഷൻ അനുവദിച്ചത് ഗുരുതരമായ വീഴ്ചയായി സർക്കാർ കാണുന്നു. കൂടാതെ മുൻ ശമ്പള പരിഷ്ക്കരണ ഉത്തരവുകളിലും ഖാദി ബോർഡിലെ ഡ്രൈവർമാർക്ക് റേഷ്യോ പ്രമോഷൻ അനുവദിച്ചിരുന്നില്ല.

മേൽ സാഹചര്യത്തിൽ ഖാദിബോർഡിലെ ഡ്രൈവർമാർക്ക് നാളിതുവരെ സർക്കാർ അനുവദിക്കാത്ത റേഷ്യോ പ്രമോഷൻ നല്കണമെന്നുള്ള ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ ഖാദി ബോർഡ് സെക്രട്ടറി ശുപാർശ ചെയ്ത് സർക്കാരിലേക്ക് അയച്ചിരുന്ന 'Ex R1(C)' അപേക്ഷയിലെ ആവശ്യം നിരസിച്ചുകൊണ്ടും പരാമർശം (1) പ്രകാരമുള്ള ഡബ്ല്യു(പി.സി) 21285/2022 കേസിലെ ബഹു.ഹൈക്കോടതിയുടെ 19.12.2022 തീയതിയിലെ വിധിന്യായം ഇപ്രകാരം പാലിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

ശ്രീ.സുനിൽ ചന്ദ്രൻ.ജി, ഡ്രൈവർ ഗ്രേഡ് I, പ്രോജക്ട് ഓഫീസ്, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, പത്തനംതിട്ട

ശ്രീ.മനോജ്കുമാർ.കെ.ടി, ഡ്രൈവർ ഗ്രേഡ് I, പ്രോജക്ട് ഓഫീസ്, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, കോട്ടയം

ശ്രീ.അഷറഫ്.കെ.എം, ഡ്രൈവർ ഗ്രേഡ് II, പ്രോജക്ട് ഓഫീസ്, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, കോഴിക്കോട്

ശ്രീ.അനു.എം.ആർ, ഡ്രൈവർ ഗ്രേഡ് II, പ്രോജക്ട് ഓഫീസ്, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, ഇടുക്കി, തൊടുപുഴ

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ-ബിപ്, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (31.03.2023- ലെ PUD1/187/2017-ധന നമ്പർ കറിപ്പ് പ്രകാരം)

ഐ & പിആർ വകുപ്പ് (ജി. ഒ. ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

കരുതൽ ഫയൽ (IND-K1/354/2022-IND)

ഉത്തരവിൻ പ്രകാരം

Signed by
S Padmaja

സെക്ഷൻ ഓഫീസർ

Date: 18-04-2023 08:26:56